# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

## ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്

## തിരുവനന്തപുരം

website: www. Forest.kerala.gov.in, Email: fibnews@gmail.com, Ph. 0471-2529145


## പത്രക്കുറിപ്പ്

തീയതി: 03.03.2021

**സർക്കാർ ഡിപ്പോയിൽ നിന്നും നേരിട്ട് തടി വാങ്ങാം**

വനം വകുപ്പിന്റെ തിരുവനന്തപുരം ഡിവിഷന്റെ കീഴിലുള്ള കുളത്തുപ്പുഴ, തെന്മല എന്നീ തടി ഡിപ്പോയിൽ നിന്ന് മാർച്ച് 15, ഏപ്രിൽ 19, മെയ് 17 തീയതികളിൽ തേക്ക് തടികളുടെ ചില്ലറ വിൽപ്പന നടത്തുന്നു. ലേലത്തിൽ പങ്കെടുക്കാതെ തന്നെ പൊതുജനങ്ങൾക്ക് ഗാർഹികാവശ്യങ്ങൾക്കായി തടി നേരിട്ട് വാങ്ങാം. മുൻകൂട്ടി വില നിശ്ചയിച്ചിട്ടുള്ള തടികൾ നേരിൽ കണ്ട് ഗുണനിലവാരം വിലയിരുത്തി വാങ്ങാവുന്നതാണ്. വീടിന്റെ അംഗീകരിച്ച പ്ലാൻ, നിർമ്മാണാനുമതി, സ്കെച്ച് എന്നിവയുടെ പകർപ്പും തിരിച്ചറിയൽ കാർഡും പാൻകാർഡുമായി മേൽ തീയതി മുതൽ എല്ലാ പ്രവർത്തി ദിവസങ്ങളിലും രാവിലെ 10 മണിമുതൽ 5 മണിവരെ അതാതു ഡിപ്പോയിലെത്തിയാൽ 5 ക്യൂ. മീറ്റർ വരെ തേക്ക് തടി വാങ്ങാം. കൂടുതൽ വിവരങ്ങൾക്ക് 0475-2319241 9447020206 ( കുളത്തുപ്പുഴ ഡിപ്പോ), 0475- 2344243, 9072942209 (തെന്മല ഡിപ്പോ) എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.


ഡോ. അഞ്ചൽ കൃഷ്ണകുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ